ഓരോ വർഷവും കേരളത്തിൽ 5 ലക്ഷം വാഹനങ്ങൾക്ക് ലൈസൻസ് നൽകുന്നുണ്ട്. ഇതിന് അനുസൃതമായി റോഡുകളുടെ സൗകര്യങ്ങൾ വർദ്ധിക്കുന്നില്ല എന്നുള്ളതാണ് വസ്തുത. വാഹന വർദ്ധനവുമായി താരതമ്യം ചെയ്യുമ്പോൾ അപകട നിരക്ക് കൂടുന്നില്ല.

(സി) നടപ്പിലാക്കിയിട്ടുണ്ട്. 30-6-2012-ലെ സർക്കാർ ഉത്തരവ് നമ്പർ 343/2012/ഗത. പ്രകാരം സംസ്ഥാന ജില്ലാതലങ്ങളിൽ ആക്സിഡന്റ് റിവ്യൂ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(ഡി) സാധിച്ചിട്ടുണ്ട്. ജില്ലാ ആക്സിഡന്റ് റിവ്യൂ കമ്മിറ്റി ചേർന്ന് റോഡപകടങ്ങളുടെ കാരണവും പരിഹാരവും കണ്ടെത്തി ആയതിന്റെ റിപ്പോർട്ട് സംസ്ഥാന ആക്സിഡന്റ് റിവ്യൂ കമ്മിറ്റിക്ക് അയച്ചു തരുകയും 6-7-2014, 4-8-2014 എന്നീ തീയതികളിൽ കൂടിയ സംസ്ഥാന ആക്സിഡന്റ് റിവ്യൂ കമ്മിറ്റി, ജില്ലാ ആക്സിഡന്റ് റിവ്യൂ കമ്മറ്റികളുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പിൽ 529 പുതിയ തസ്തികകൾ

363 (2193) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ 529 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായിട്ടുള്ള ഗതാഗത കമ്മീഷണറുടെ ശിപാർശ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എംപവേർഡ് കമ്മിറ്റി പരിശോധിച്ച് മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് മന്ത്രിസഭ എടുത്ത തീരുമാനങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ?

ഉത്തരം

(എ) സമർപ്പിച്ചിരുന്നു.

(ബി) എംപവേർഡ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മോട്ടോർ വാഹന വകുപ്പിൽ 55 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുവാൻ 20-2-2013-ലെ മന്ത്രിസഭായോഗം തീരുമാനിച്ചു. കൂടാതെ, എക്സിക്യൂട്ടീവ് മിനിസ്റ്റീരിയൽ വിഭാഗങ്ങളിലായി 178 അധിക തസ്തികകളും 28 ഡ്രൈവർ തസ്തികകളും വകുപ്പിൽ നിലവിലുള്ള 40 തസ്തികകൾ (39 ടൈപ്പിസ്റ്റ് തസ്തികകളും ഒരു റോണിയോ ഓപ്പറേറ്റർ തസ്തികയും) സൂപ്പർ ന്യൂമററിയായി കണക്കാക്കുമെന്ന വ്യവസ്ഥയിലും ഇ-പേമെന്റ് സംവിധാനം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും രണ്ടുമാസത്തിനുള്ളിൽ ഫലപ്രദമായി നടപ്പിലാക്കണമെന്ന വ്യവസ്ഥയിലും സൃഷ്ടിക്കുവാനും 20-3-2013-ലെ മന്ത്രിസഭായോഗം തീരുമാനിക്കുകയുണ്ടായി. ഈ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

GPM. 2/240/2020-55

LIBRARY ARCHIVES Kerala Legislative Assembly